## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2164 | 08.03.2018 -ൽ മറുപടിക്ക്

### മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട്

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ നടപ്പിലാക്കി വരുന്ന മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രൊജക്ടിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

എ) കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും, കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ വികസനത്തിനായി കേരള സർക്കാർ 37.21 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന താഴെ വിവരിച്ചിട്ടുള്ള പ്രദേശങ്ങളിലെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

1. പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ

a) കണ്ണൂർ ജില്ല – മാഹിപ്പുഴ, അഞ്ചരക്കണ്ടി, വളപ്പട്ടണം, പഴയങ്ങാടി, കുപ്പംനദി, പറശ്ശിനിക്കടവ്, കരിയാട്, പെരിങ്ങത്തൂർ മൊന്തൻ, ചമ്പാട്, ധർമ്മടം, പാറപ്രം, പിണറായി, കമ്പനിമെട്ട.
b) കാസർഗോഡ് ജില്ല – മാവിലാകടപ്പുറം, മാടക്കൻ, കോട്ടപ്പുറം

2. കേരള സർക്കാർ അംഗീകരിച്ച് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച പദ്ധതികൾ

i ബോട്ട് ടെർമിനൽ പറശ്ശിനിക്കടവ് - രൂപ 4,88,80,000/-

ii. ബോട്ട് ടെർമിനൽ, പഴയങ്ങാട് -
രൂപ 3,00,00,000/-

iii. ബോട്ട് ടെർമിനൽ കരിയാട്
രൂപ 3,47,82,682/-

iv. ബോട്ട് ടെർമിനൽ, പെരിങ്ങത്തൂർ -
രൂപ 1,11,43,432/-

v. ബോട്ട് ജെട്ടി, മൊന്താൽ -
രൂപ 1,11,43,432/-

vi. ബോട്ട് ജെട്ടി, ചമ്പാട് - രൂപ 94,55,700/-

vii. ബോട്ട് ടെർമിനൽ, ധർമ്മടം -
രൂപ 3,20,33,932/-

viii. ബോട്ട് ടെർമിനൽ, പാറപ്പുറം -
രൂപ 3,47,82,682/-

ix. ബോട്ട് ടെർമിനൽ, പിണറായി,
കമ്പനിമെട്ട - രൂപ 3,47,82,682/-

x. ബോട്ട് ടെർമിനൽ, മാവില കടപ്പുറം -
രൂപ 3,27,65,100/-

xi. ബോട്ട് ടെർമിനൽ, കോട്ടപ്പുറം -
രൂപ 8,25,00,000/-

xii. ബോട്ട് ജെട്ടി, മാടയ്ക്കൽ -
രൂപ 98,40,525/-

ഇതിൽ പറശ്ശിനിക്കടവ്, പഴയങ്ങാടി പദ്ധതികളുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.